## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1959 — 06/02/2019-ലെ മറുപടി

## പറമ്പിക്കുളം-ആളിയാർ കരാർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാറയ്ക്കൽ അബ്ദുല്ല | | പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |
| എ)പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സെപ്റ്റംബർ 1 നും ഫെബ്രുവരി 1 നും കേരള ഷോളയാർ ഡാം നിറയാനുള്ള വെള്ളം തമിഴ്നാട് നൽകണമെന്ന വ്യവസ്ഥയുണ്ടോ ; | എ | പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം സെപ്റ്റംബർ 1 നും ഫെബ്രുവരി 1 നും കേരള ഷോളയാർ ഡാം സമ്പൂർണ്ണ ജലനിരപ്പിൽ (2663 അടി) എത്തിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ സംയുക്ത ജലക്രമീകരണ ബോർഡ് ഏർപ്പെടുത്തേണ്ടതാണ്. ബോർഡിന്റെ അനുമതി കൂടാതെ വെള്ളം തിരിച്ചു വിടുന്നതിനുള്ള അധികാരം തമിഴ്നാടിനില്ല. |
| ബി)എങ്കിൽ പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഇത്തവണ കേരളത്തിന് വെള്ളം നൽകാനാവില്ലെന്ന് തമിഴ്നാട് വ്യക്തമാക്കുകയുണ്ടായോ ; | ബി | ഈ ജലവർഷത്തിൽ, കേരളത്തിന് കേരള ഷോളയാറിൽ വെള്ളം നൽകാനാവില്ലെന്ന് തമിഴ്നാട് കത്ത് നൽകിയിരുന്നു. എന്നാൽ കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്തം ആയതിനാൽ 2019 ഫെബ്രുവരി 1 ന് |

കരാർ പ്രകാരം , കേരള ഷോളയാർ ജലസംഭരണി സമ്പൂർണ്ണ ജലനിരപ്പിലെത്തിക്കണമെന്നാവശ്യപ്പെട്ട് സംയുക്ത ജലനിയന്ത്രണ ബോർഡ് ചെയർമാൻ, തമിഴ്നാടിന് കത്തയച്ചിരുന്നു. ഈ വിഷയം 28,01.2019 ന് ചേർന്ന 101-ാമത് ജെ. ഡബ്ല്യു.ആർ.ബോർഡ് യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഷോളയാർ പവർഹൗസ് II വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് വെള്ളം നൽകാൻ തമിഴ്നാട് സമ്മതിക്കുകയു ണ്ടായി. ഇതനുസരിച്ച് 29.01.2019, രാവിലെ മുതൽ കേരളത്തിന് വെള്ളം ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

എന്നാൽ കേരള ഷോളയാർ റിസർവോയറിൽ സ്പിൽ ചെയ്ത വെള്ളത്തിന്റെ ഒരു ഭാഗം കേരളത്തിന് പവർഹൗസിൽ നൽകേണ്ട വെള്ളത്തിന്റെ കണക്കിൽപ്പെടുത്തണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും കേരളം ഇതിനെ എതിർക്കുകയും ചെയ്തു. ഇതിൽ വിയോജിപ്പ് ഉ ണ്ടായതോടെ, ബോർഡ് ചെയർമാൻ ഈ വിഷയം ഇരു സർക്കാരുകളെയും അറിയിക്കുകയുണ്ടായി.

സി) അനാവശ്യമായി അണക്കെട്ടുകൾ തുറന്നുവിട്ട് കേരളം വെള്ളം പാഴാക്കുകയായിരുന്നുവെന്നും ഇത് കരാർ ലംഘനമാണെന്നും തമിഴ്നാടിന് വാദമു ണ്ടോ ;

സി ഉണ്ട്. എന്നാൽ കേരളം ഇതിനെ, 101-ാം ജെ.ഡബ്ല്യു.ആർ.ബോർഡ് യോഗത്തിൽ കാര്യകാരണസഹിതം എതിർത്തിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| ഡി) | ഇക്കാര്യം ചൂണ്ടിക്കാണിച്ച് തമിഴ്നാട് ജലവിഭവ വകുപ്പ് സംയുക്ത ജലനിയന്ത്രണ ബോർഡ് ചെയർമാനും കേരള സർക്കാരിനും കത്തയയ്ക്കുകയുണ്ടായോ; | ഡി) | കത്തയച്ചിരുന്നു. |
| ഇ) | ആളിയാർ കരാർ പ്രകാരം തമിഴ്നാട് പാലക്കാടിനും വെള്ളം നൽകേണ്ടതുണ്ടോ: സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി ഇത് നിഷേധിച്ചാൽ പാലക്കാടിനെ കൂടാതെ മറ്റേതെല്ലാം ജില്ലകളിലെ കൃഷിയെ ഇത് പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ? | ഇ) | പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം, തമിഴ്നാട്, പാലക്കാട് ജില്ലയിലെ ചിറ്റൂരിലെ കൃഷി ആവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ ഒരു ജലവർഷത്തിൽ, പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ മൊത്തം പ്രളയജലവും കരാർ വ്യവസ്ഥ പ്രകാരമുള്ള 7.25 ടി.എം.സി. ജലം ലഭ്യമാക്കേണ്ടതുണ്ട്. ഇത് ലഭിക്കാതെ വന്നാൽ, പുഴയിലെ നീരൊഴുക്കിനെ ബാധിക്കുമെന്നതിനാൽ, തൃശ്ശൂർ, മലപ്പുറം ജില്ലകളെക്കൂടി ഇത് പ്രതികൂലമായി ബാധിക്കും. |

**സെക്ഷൻ ഓഫീസർ**